
RENSFED
REGISTERED ENGINEERS & SUPERVISORS FEDERATION
OZHIKODE DISTRICT COMMITTEE
ENSFED
CHOOL
Educare 2018
Continuing Education Programme
RENSFED

# ദുരന്തം പ്രതിരോധിക്കുന്ന കെട്ടിടങ്ങൾ വേണം



റെൻസ്ഫെഡ് സ്കൂൾ മന്ത്രി ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

**കോഴിക്കോട്**

പ്രളയത്തിനുശേഷം കേരളത്തിന്റെ പുനർനിർമാണത്തിന് ദുരന്തം പ്രതിരോധിക്കുന്ന കെട്ടിടങ്ങളാണ് ആവശ്യമെന്ന് ആർക്കിടെക്ട് ജി ശങ്കർ പറഞ്ഞു. സിറ്റി ഹൗസിൽ റെൻസ് ഫെഡ് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച 'പ്രളയത്തിനു ശേഷം കേരളത്തിന്റെ പുനർനിർമാണം' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചെലവു കുറഞ്ഞതും ഊർജം സംഭരിക്കുന്നതുമായ നിർമാണ രീതിയാണ് പുനർനിർമിതിക്ക് വേണ്ടത്. തദ്ദേശീയ വസ്തുക്കൾ ഉപയോഗിച്ച് മണ്ണിന് ഇണങ്ങിയ രീതിയിൽ കാലാവസ്ഥക്ക് അനുയോജ്യമായ സന്തുലിത നിർമാണ രീതികൾ വേണം. നിലവിലുള്ള കെട്ടിടങ്ങൾ മെച്ചപ്പെടുത്തുകയും കേടുപാടുകൾ തീർത്ത് ശരിയാക്കുകയും വേണം.

കാലാവസ്ഥാ വ്യതിയാനത്തിന് പ്രതിസ്ഥാനത്ത് നിൽക്കുന്നത് എൻജിനിയർമാരാണ്. കാടുകൾ വെളുപ്പിച്ചുള്ള നിർമാണരീതിയാണ് ദുരന്തത്തിനു കാരണം. റെൻസ് ഫെഡും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും മലപ്പുറത്ത് 20 കെട്ടിടങ്ങൾ നിർമിക്കുന്ന സ്വപ്നപദ്ധതിക്ക് കൈകോർക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡോ. എ അച്യുതൻ മുഖ്യാതിഥിയായി. പ്രൊഫ. ടി പി കുഞ്ഞിക്കണ്ണൻ, കെ ഷൈനി എന്നിവർ സംസാരിച്ചു.

നിർമാണ രീതികളും മറ്റും പഠിപ്പിക്കുന്ന റെൻസ് ഫെഡ് സ്കൂൾ മന്ത്രി ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി വിജയകുമാർ അധ്യക്ഷനായി. കെ മനോജ്, കെ കെ സുധീർ കുമാർ, കെ മധുസൂദനൻ, മുസ്തഫ, സുൾഫിക്കർ, അഭിഷേക് ശങ്കർ എന്നിവർ സംസാരിച്ചു. മുഹമ്മദ് ഫൈസൽ മോഡറേറ്ററായി. സി സുധർമൻ സ്വാഗതവും ജോബി മാത്യു നന്ദിയും പറഞ്ഞു.


REN
REGIST
KOZHI